യന്നാമ ശ്രുതമനുകീർത്തയേദകസ്മാദാർത്തോ വാ യദി പതിത: പ്രലംഭനാദ്വാ
ഹന്ത്യംഹ: സപദി നൃണാമശേഷമന്യം കം ശേഷാദ്ഭഗവത ആശ്രയന്മുമുക്ഷു: **(5-25-11)**

ശുകമുനി തുടർന്നു: പാതാളത്തിനും മുപ്പതിനായിരം യോജന താഴെയാണ് അനന്തഭഗവാൻ നിലകൊള്ളുന്നത്. സംകർഷണൻ എന്ന പേരിലും ഭഗവാൻ അറിയപ്പെടുന്നു. അഹംബോധത്തിൻെറ അധിദേവതയത്രേ സംകർഷണൻ. അവൻെറ ആയിരം തലകളിലൊന്നിൽ കടുകുമണിപോലെ ഭൂഗോളമിരിക്കുന്നു. ഭഗവാൻ അതിസുന്ദരനും പ്രഭാപൂരിതനുമായി കാണപ്പെടുന്നു. മറ്റേ അധോലോകങ്ങളിൽ നിന്നുള്ള അനേകം രക്ഷസസർപ്പങ്ങൾ അനന്തനെ പൂജിക്കുന്നു. ഇവരെല്ലാം ഭഗവാൻെറ കാൽനഖങ്ങളിൽ പ്രതിഫലിക്കുന്നു. നീല ഉടയാടയും സ്വർണ്ണഅരഞ്ഞാണവും ഒരു കയ്യിൽ കലപ്പയും ഒരു ചെവിയിൽ കമ്മലുമണിഞ്ഞ് ഭഗവാനിരുന്നരുളുന്നു. സകല ജീവജാലങ്ങളോടുമുള്ള കരുണയും കൃപയും കാരണം തൻെറ കോപഭാവങ്ങളൊന്നും പുറത്തു വരുത്താതെ അവിടുന്നിരിക്കുന്നു.

മേൽപ്പറഞ്ഞ വിശേഷണം ശ്രവിച്ച് ധ്യാനിക്കുന്ന മാത്രയിൽ ശ്രോതാവിൻെറ സകല അജ്ഞതയും നിശ്ശേഷം ഇല്ലാതാവുന്നു.

ബ്രഹ്മസഭയിൽ നാരദമുനി ഭഗവാനെ വാഴ്ത്തുന്നതിപ്രകാരമാണ്: "സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് കാരണമായ ആ ഭഗവാനെ വാഴ്ത്താനോ ആ മഹിമയെ സങ്കൽപ്പിക്കാനോ ആരാലും സാദ്ധ്യമല്ല തന്നെ. അനാദ്യന്തവും, കാരണമില്ലാതെതന്നെ എല്ലാത്തിൻേറയും കാരണവും സൃഷ്ടികളുടെയെല്ലാം നാനാത്വം പേറുന്നവനും, വിശ്വത്തിൻെറ മുഴുവൻ നാഥനും അവിടുന്നത്രേ. അതേ പരമസത്വം, നമ്മോടുള്ള കരുണനിമിത്തം നിർമലസാത്വീകതയുടെ രൂപത്തിൽ നമുക്ക് മോചനമേകാൻ, അങ്ങോട്ടേക്കാകർഷിക്കാൻ അവതരിച്ചിരിക്കുന്നു. ഏതൊരുവൻ ആ നാമം ശ്രവിക്കുന്നുവോ. കഷ്ടതയിലോ ദുരിതത്തിലോ ആണെങ്കിലും ഉച്ചരിക്കുന്നുവോ, തെറ്റിലേക്ക് വീണു പിടയുമ്പോഴാണെങ്കിലും പ്രാർത്ഥിക്കുന്നുവോ, അവൻെറ പാപങ്ങളെല്ലാം നിശ്ശേഷം ഇല്ലാതാവുന്നു. മുക്തിക്കു ശേഷം ശേഷഭഗവാൻെറയല്ലാതെ മറ്റാരുടെയടുത്ത് ഒരു സത്യാന്വേഷി അഭയം തേടും? ആയിരം നാവുണ്ടെങ്കിൽ പോലും ഒരുവന് വേണ്ട രിതിയിൽ അനന്തനായ ഭഗവാൻ ശേഷനെ വിവരിച്ച് മഹത്വവർണ്ണന നടത്തുവാൻ സാദ്ധ്യമല്ല തന്നെ. അനന്തഭഗവാൻ തൻെറയൊരു ലീലയായി എല്ലാത്തിനും അവലംബമായി നിലകൊള്ളുന്നു. എങ്കിലും സ്വയം ഒന്നിനേയും അവലംബിക്കുന്നുമില്ല."

പരീക്ഷിത്ത് രാജൻ, ഒരോരോ കർമ്മപഥങ്ങളിലുമുള്ള മനുഷ്യർ എത്തിച്ചേരുന്ന തലങ്ങളെപ്പറ്റി ഞാൻ വിവരിച്ചു കഴിഞ്ഞു. പലേവിധ അനുഗ്രഹങ്ങളുമാഗ്രഹിക്കുന്നവരെത്തുന്ന ലോകങ്ങളെപ്പറ്റിയും പറഞ്ഞു. ഇനി എന്താണറിയേണ്ടത്?

അജ്ഞതാബന്ധനമെന്നത് ഭൂമിയുമായി വിഢിത്തം നിറഞ്ഞ ഈ മമത തന്നെയാണ്. ഇവിടെ മാത്രമേ ജീവജാലങ്ങളുള്ളൂ എന്ന ധാരണ. ഇതിൽനിന്ന് ആഗ്രഹം, ശത്രുത, അക്രമങ്ങൾ എന്നിവയുണ്ടാവുന്നു. ഇതിൽ വിവരിച്ച വിവിധ പാതാളങ്ങളും തലങ്ങളും മറ്റു ഗ്രഹങ്ങളാവാം. ആത്മാവിനു ഗുരുത്വാകർഷണശക്തിയാൽ നിയന്ത്രണമേതുമില്ലാത്തതിനാൽ അതിന് എവിടെ വേണമെങ്കിലും സഞ്ചരിക്കാം. അനന്തൻെറ മറ്റൊരു പേരാണ് ശേഷൻ. എല്ലാവിധ ആവിർഭാവങ്ങളും ഇല്ലാതായാലും അവശേഷിക്കുന്നതെന്തോ അതത്രേ ശേഷൻ.